**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 373** **27-01-2026 - ൽ മറുപടിയ്ക്ക്**

**സർക്കാർ നൽകിയ വീട് വിൽക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ കുന്നംപുള്ളി ഹൗസിൽ സെയ്തു മുഹമ്മദ് എന്നയാൾ അസുഖബാധിതനായി ചികിത്സയിലായിരുന്നെന്നും സാമ്പത്തിക പ്രയാസങ്ങൾ മൂലം ബാങ്ക് വായ്പ തിരിച്ചടയ്ക്കാനാകുന്നില്ലെന്നും അതിനാൽ സർക്കാർ നൽകിയ വീട് വിൽക്കുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് നൽകിയ അപേക്ഷ (9750180/2025/O/o മിനിസ്റ്റർ ഓഫ് എൽ.എസ്.ജി.ഡി.) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സെയ്തു മുഹമദ്ദിന്റെ അപേക്ഷ വകുപ്പിൽ ലഭ്യമായിട്ടില്ല. നിലവിൽ ഉള്ള മാനദണ്ഡങ്ങൾ പ്രകാരം തുടർനടപടി സ്വീകരിക്കാവുന്നതാണ്.<br><br>ശ്രീ അനൂപ് ജേക്കബ് എംഎൽഎ മുഖാന്തരം ലഭ്യമായ ശ്രീ.ചെല്ലപ്പന്റെ 9750180/2025/O/o മിനിസ്റ്റർ ഓഫ് എൽ.എസ്.ജി.ഡി പ്രകാരമുള്ള അപേക്ഷ ഡി3/178/2025-തസ്വഭവ ഫയലിൽ പരിശോധിച്ച വരുന്നു. |
| (ബി) | രോഗബാധിതനായി മരണപ്പെട്ട സെയ്തു മുഹമ്മദിന്റെ കടബാധ്യത തീർക്കാൻ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ടിയാന്റെ കുടുംബത്തിന് വീട് വിൽപ്പനയ്ക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവനനിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡങ്ങളെ സംബന്ധിച്ചും ജില്ലാ കളക്ടർ ചെയർമാനായി സമിതി രൂപീകരിച്ചും പുറപ്പെടുവിച്ചിട്ടുള്ള 01.07.2024-ലെ സ.ഉ.(സാധാ) 1185/2024/ത.സ്വ.ഭ.വ, 19.12.2024-ലെ സ.ഉ.(സാധാ) 2495/2024/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ തീരുമാനം എടുക്കുന്ന തിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ